# പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 69 — 14/01/2021-ൽ മറുപടിയ്ക്ക്

### ആദിവാസി ജനവിഭാഗങ്ങൾക്കായുള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി.എസ്. ശിവകുമാർ<br>„ ഐ.സി. ബാലകൃഷ്ണൻ<br>„ വി.ഡി. സതീശൻ<br>„ സണ്ണി ജോസഫ് : | | എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | ആദിവാസി ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | ആദിവാസി ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിന് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.<br>1. സാമൂഹിക പഠനമുറി<br>2. ഗോത്രബന്ധു<br>3. അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം<br>എ) കോളനികളുടെ സമഗ്ര വികസനം.<br>ബി) തൊഴിലുറപ്പ് പദ്ധതിയിൽ കേരള ട്രൈബൽ പ്ലസ് പദ്ധതി<br>സി) പി.കെ.കാളൻ കുടുംബ പദ്ധതി<br>4. ഗോത്രവാത്സല്യനിധി<br>5. KIFB മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ.<br>6. മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ<br>7. ഗോത്രജീവിക<br>8. സമഗ്ര-ആദിവാസി സാക്ഷരത പരിപാടി<br>9. ഗോത്ര രശ്മി- സാമൂഹിക ശാക്തീകരണ പരിപാടി.<br>10. മില്ലറ്റ് വില്ലേജ് - അട്ടപ്പാടി<br>11. പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം:<br>12. കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന സുസ്ഥിരവികസന പദ്ധതി:<br>13. മിൽമ മുഖേന നടപ്പിലാക്കി വരുന്ന ജീവനോപാധി പദ്ധതികൾ<br>14. കരിയർ ഗൈഡൻസ് ജോബ് ഫെയർ:<br>15. അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക്: |

| | | | |
|---|---|---|---|
| | | | 16. ആധുനിക മേഖലയിൽ തൊഴിൽ കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ<br>17. സമ്പൂർണ്ണ വൈദ്യുതീകരണം<br>18. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അടിസ്ഥാന വിവര ശേഖരണം:<br>19. സർവ്വീസ് പ്ലസ് (ഇ-സർവ്വീസ്) |
| (ബി) | ആദിവാസികൾക്ക് അവരുടെ ഭൂമിയിലുള്ള അവകാശം സംരക്ഷിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | ആദിവാസികൾക്ക് അവരുടെ ഭൂമിയിലുള്ള അവകാശം സംരക്ഷിക്കുന്നതിനും അവരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുമായി വനാവകാശ നിയമ പ്രകാരം വ്യക്തിഗതം, സാമൂഹികം, വികസനം എന്നിങ്ങനെയുള്ള അവകാശങ്ങൾ നൽകിവരുന്നുണ്ട്. വനാവകാശ നിയമം നടപ്പിലാക്കുന്നതിനായി തടിയേതര വനവിഭവങ്ങൾ ശേഖരിക്കുന്നതിനും വിൽക്കുന്ന തിനുമുള്ള അനുമതി നൽകുന്നതിന് വനാവകാശ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.<br><br>വനാവകാശ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനമൊട്ടാകെ 662 വനാവകാശ കമ്മിറ്റികൾ (FRC) മുഖേന നാളിതുവരെയായി 26,273 പേർക്ക് 34735.87 ഏക്കർ ഭൂമിയുടെ കൈവശാവകാശ രേഖ വിതരണം ചെയ്തിട്ടുണ്ട്. സുപ്രീം കോടതി വിധി പ്രകാരം കേന്ദ്ര സർക്കാർ വിതരണത്തിനായി അനുമതി നൽകിയ നിക്ഷിപ്ത വനഭൂമിയിൽ നിന്നും 4056 പേർക്കായി 5808.14 ഏക്കർ ഭൂമിക്ക് പട്ടയം / കൈവശാവകാശരേഖ നൽകിയിട്ടുണ്ട്.<br><br>പട്ടികവർഗ്ഗക്കാരുടെ ഭൂഉടമസ്ഥത മെച്ചപ്പെടുത്തുന്നതിനായി 25 സെന്റ് മുതൽ ഒരേക്കർ വരെയുള്ള ഭൂമി 10 ലക്ഷം രൂപയിൽ അധികരിക്കാതെ ഗുണഭോക്താക്കൾക്ക് നേരിട്ട് വാങ്ങി നൽകിവരുന്നു. ഈ പദ്ധതി പ്രകാരം 815 പേർക്ക് 386.04 ഏക്കർ ഭൂമി വിലയ്ക്ക് വാങ്ങി നൽകിയിട്ടുണ്ട്. ഈ പദ്ധതിയിലെ പോരായ്മകൾ നികത്തി അർഹതയുള്ള എല്ലാ പേർക്കും ഭൂമി ലഭിക്കണം എന്ന ഉദ്ദേശത്തോടെ ഭൂമി വാങ്ങി നൽകുന്നതിനായിട്ടുള്ള പുതിയ പദ്ധതി (ലാൻറ് ബാങ്ക് പദ്ധതി) പ്രകാരം 205 പേർക്ക് 25.74 ഏക്കർ ഭൂമി വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. 7078 പേർക്ക് 7374.54 ഏക്കർ റവന്യൂ / ഫാം ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ 38,877 പേർക്ക് 47630.33 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഭൂരഹിതരായ മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും ഒരേക്കർ ഭൂമിയെങ്കിലും പതിച്ച് നൽകുവാനുള്ള നടപടി സ്വീകരിക്കുമെന്ന പ്രകടന പത്രികയിലെ വാഗ്ദാനം പൂർണ്ണതോതിൽ നടപ്പിലാക്കു വാൻ സാധിച്ചിട്ടുണ്ടോ, ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ ഭൂമി നൽകുമെന്ന പ്രഖ്യാപനം പൂർണ്ണതോതിൽ പ്രാവർ ത്തികമാക്കുവാൻ സാധിച്ചിട്ടില്ല. എല്ലാവർക്കും ഒരേക്കർ വീതം ഭൂമി നൽകുവാനുള്ള റവന്യൂ ഭൂമിയുടെ കുറവാണ് പ്രധാന കാരണം. വിവിധ ഫാമുകളുടെ കൈവശമുള്ള ഭൂമി, നിക്ഷിപ്ത വനഭൂമി എന്നിവ വിതരണം ചെയ്ത് ഒരേക്കർ ഭൂമി നൽകുന്നതിനുള്ള നടപടി തുടർന്ന് വരുന്നു. |
| (ഡി) | മറ്റുള്ളവർക്ക് നൽകുന്നത് പോലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും പട്ടയം നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ, ഇക്കാര്യത്തിൽ പട്ടികവർഗ്ഗ വകുപ്പ് എന്ത് ഇടപെടലാണ് നടത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആദിവാസി ജനവിഭാഗ ത്തിന്റെ കൈവശഭൂമിക്ക് പട്ടയം അനുവദിക്കുന്നത് സംബന്ധിച്ച് 10/04/2017 തീയതിയിൽ ബഹു.പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം, റവന്യൂ, വനം വകുപ്പ് മന്ത്രിമാരുടെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിൽ 01/01/1977 ന് മുൻപ് വനഭൂമി കൈയ്യേറി ഭൂമി കൈവശം വച്ചുവരുന്ന ഇതര വിഭാഗങ്ങൾക്ക് പട്ടയം അനുവദിക്കുകയും, പട്ടിക വർഗ്ഗക്കാരുടെ ഭൂമിക്ക് കൈവശരേഖ മാത്രമോ, രേഖകളൊന്നും നൽകാതിരിക്കുകയോ ചെയ്തിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത പ്രദേശങ്ങളിലെ പട്ടിക വർഗ്ഗക്കാർ കൈവശം വച്ചുവരുന്നതും പതിവ് നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതുമായ ഭൂമിക്ക് പട്ടയം അനുവദിക്കുന്നതിനും, അപ്രകാരമുള്ള കേസുകളിൽ ഇതിനകം കൈവശരേഖ അനുവദി ച്ചിട്ടുണ്ടെങ്കിൽ തന്നെ ആയത് റദ്ദ് ചെയ്ത്, പട്ടയം അനുവദിക്കുന്നതിനും തീരുമാനിച്ചിരുന്നു. ആയ തിന്റെ അടിസ്ഥാനത്തിൽ 1993 ലെ കേരള ഭൂപതിവ് (01/01/1977 ന് മുൻപ് വനഭൂമി കൈവശം വയ്ക്കുന്നവർക്കുള്ള നിയമാവകാശം നൽകൽ) പ്രത്യേക ചട്ടങ്ങളിലെ ചട്ടം 2 (എഫ്) ലെ നിർവ്വചനത്തിൻറെ പരിധിയിൽ വരുന്ന ഭൂമി കൈവശം വച്ച് വരുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രസ്തുത കൈവശഭൂമിക്ക് മേൽ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി പട്ടയം അനുവദിക്കു ന്നതിന് നിർദ്ദേശം നൽകി ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ